(സി) ജി.ഒ.(ആർ.റ്റി.)നമ്പർ 2971/2013/എൽ.എസ്.ജി.ഡി. തീയതി 4-12-2013 പ്രകാരം ഐ.കെ.എം. ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് & സാലറി ഘടന സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ടും അതിൽമേൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ഡി) ജി.ഒ.(ആർ.റ്റി.)നമ്പർ 3116/15/എൽ.എസ്.ജി.ഡി. തീയതി 13-10-2015 പ്രകാരം രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതിന്മേൽ എന്തെല്ലാം ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ട്; ഇവ പ്രകാരം സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഇ) ഐ.കെ.എം. പുനഃസംഘടനയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ (രസീതി നമ്പർ; 2135565/2018/സി.എം.-സി.ഒ.എം.പി./ഐ.ബി.ഐ./10/2018/എൽ.എസ്.ജി.ഡി.)സർക്കാരും ഐ.കെ.എം.-ഉം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിശദവിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽനിന്ന് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഇ) ടി നിവേദനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാൻ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിവേദനത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്**

231 (1674) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ബാലറ്റ് പേപ്പർ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) രാജ്യത്ത് ഇലക്ട്രോണിക് വോട്ടിംഗ് മെഷിനുകൾ ഉപയോഗിച്ച് നടന്ന തെരഞ്ഞെടുപ്പിൽ വോട്ടിംഗ് ക്രമക്കേട് ഉണ്ടായിട്ടുള്ളതായ വാർത്തകൾ പ്രചരിച്ചു കൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ അടുത്ത വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പൂർണ്ണമായും ബാലറ്റ് പേപ്പർ ഉപയോഗിച്ച് നടത്തുന്നതിന് സർക്കാർ തലത്തിൽ തീരുമാനിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ ചുമതലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിൽ ബാലറ്റിലേയ്ക്ക് മാറ്റുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഭരണഘടനയുടെ 243 K, 243 ZA എന്നീ അനുച്ഛേദങ്ങൾ പ്രകാരം യഥാക്രമം പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വോട്ടർ പട്ടിക തയ്യാറാക്കലിന്റെയും തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെയും ചുമതല സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ് എന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020-ൽ നടത്തുന്ന പൊതു തെരഞ്ഞെടുപ്പിന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കാനാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്.

(സി) കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിയമ തടസ്സമുള്ളതായി കാണുന്നില്ല.

**വളാഞ്ചേരി നഗരസഭയിലെ ബൈലാ ഭേദഗതി**

232 (1675) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ ബൈലാ ഭേദഗതിയുമായി ബന്ധപ്പെട്ട് നഗരസഭ അധികൃതർ സമർപ്പിച്ച പ്രൊപ്പോസൽ സെക്രട്ടേറിയറ്റിലെ (ആർ.ഡി.)സെക്ഷനിൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചതിന് ശേഷമാണോ വീണ്ടും അർബൻ അഫയേഴ്സ് ഡയറക്ടർക്ക് കൈമാറിയത്;

(സി) അർബൻ അഫയേഴ്സ് ഡയറക്ടറേറ്റിലെ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ; മുനിസിപ്പാലിറ്റി നൽകിയ പ്രൊപ്പോസൽ ഡയറക്ടേറ്റിൽ പരിശോധിച്ചതിനു ശേഷമാണോ സർക്കാരിന് നൽകിയത്; എങ്കിൽ വീണ്ടും ഡയറക്ടറോട് പരിശോധിക്കുവാൻ ആവശ്യപ്പെട്ടതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ബൈലാ ഭേദഗതിയുമായി ബന്ധപ്പെട്ട ഫയലിൽ അടിയന്തര നടപടി സ്വീകരിച്ച് പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വളാഞ്ചേരി നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ വളാഞ്ചേരി നഗരസഭ-മിനി വ്യവസായ കേന്ദ്രം കരട് ബൈലാ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് സമർപ്പിച്ചിരുന്നു.